"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം- ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഡ്രൈവർ ശ്രീ.ഫാസിൽ.എ യുടെ പിതാവിന്റെ ചികിത്സയ്ക്ക് ചെലവായ തുക – പ്രതീപൂരണം ചെയ്തു നൽകുന്നതിന് – അനുമതി നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.657/2023/AGRI തീയതി,തിരുവനന്തപുരം, 05-07-2023

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 09.08.2019 - ലെ എ.എ2(3)778/2019 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഡ്രൈവർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ.ഫാസിൽ.എ യുടെ പിതാവിന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചികിത്സാർത്ഥം ചിലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശിത കത്തു പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത ക്ലെയിമിൽ സർക്കാർ അംഗീകൃത നിരക്കുകൾ പ്രകാരം അനുവദനീയമായ തുക 2,33,454/- രൂപ (രണ്ട് ലക്ഷത്തി മുപ്പത്തി മൂന്നായിരത്തി നാനൂറ്റി അൻപത്തിനാല് രൂപ മാത്രം) ആണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ ഡ്രൈവർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ.ഫാസിൽ.എ യുടെ പിതാവിന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ 13.02.2018 മുതൽ 12.03.2018 വരെ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 2,33,454/- ന്റെ 80% ആയ 1,86,763/- രൂപ (ഒരു ലക്ഷത്തി എൺപത്തിയാറായിരത്തി എഴുനൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ഡെപ്യൂട്ടിസെക്രട്ടറി

1.ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ കൃഷി ഓഫീസ്, ആലപ്പുഴ
3.ശ്രീ.ഫാസിൽ.എ, ഡ്രൈവർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, ആലപ്പുഴ
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
5.അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം
6.ആരോഗ്യ കുടുംബക്ഷേമ(ജി) വകുപ്പ് (G2/1407/2022/H&FWD തീയതി 07.11.2022 പ്രകാരം)
7.ധനകാര്യ വകുപ്പ് (2309836 Loans-L3/3/2023 തീയതി 23.02.2023 പ്രകാരം)
8.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ